പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കന്ററി വിംഗ്
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

**Ex. V (1)/6605//DGE/2020** തീയതി : 14/07/2020

# <u>സർക്കുലർ</u>

വിഷയം :- പൊതു വിദ്യാഭ്യാസം - ഹയർ സെക്കന്ററി - രണ്ടാം വർഷ പരീക്ഷ മാർച്ച് 2020 - പുനർമൂല്യ നിർണ്ണയം, സൂക്ഷ്മ പരിശോധന, ഫോട്ടോ കോപ്പി - സംബന്ധിച്ച്

2020 മാർച്ചിൽ നടന്ന രണ്ടാം വർഷ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം **www.dhsekerala.gov.in**, **www.keralaresults.nic.in**, **www.prd.kerala.gov.in**, **www.results.kite.kerala.gov.in**, **www.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

ഉത്തരക്കടലാസുകളുടെ പുനർമൂല്യ നിർണ്ണയം, സൂക്ഷ്മ പരിശോധന, ഫോട്ടോ കോപ്പി എന്നിവയ്ക്കുള്ള നിർദ്ദിഷ്ട ഫോറങ്ങളിലുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫീസ് സഹിതം, മാർച്ചിലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പളിന് **21.07.2020** നകം സമർപ്പിക്കേണ്ടതാണ്.

ഇരട്ട മൂല്യനിർണ്ണയം നടത്തിയ ഫിസിക്സ്, കെമിസ്ട്രി, കണക്ക് ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയമോ, സൂക്ഷ്മ പരിശോധനയോ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ടി ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പിക്ക് അപേക്ഷിക്കാവുന്നതാണ്.

ലക്ഷദ്വീപ്, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലെ ഹയർസെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികൾ അപേക്ഷാഫീസ്, ഡിമാന്റ് ഡ്രാഫ്റ്റ് (**Drawn in favour of Joint Director, Examinations (Higher Secondary Wing), Directorate of General Education, Thiruvananthapuram**) മുഖാന്തിരം അതാതു സ്കൂൾ പ്രിൻസിപ്പൽമാർക്ക് മേൽപ്പറഞ്ഞ തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയ ഫീസ്, അതാതു ഗവൺമെന്റ്/ എയ്ഡഡ് ഹയർസെക്കന്ററി പ്രിൻസിപ്പൽമാരുടെ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, റീഫണ്ടിന് അർഹരായ വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പൽമാർ തുക അനുവദിച്ച് നൽകിയതിനുശേഷം, ബാക്കിയുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് ചെലാൻ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

ഫോട്ടോകോപ്പി, സ്ക്രൂട്ടിനി എന്നിവയ്ക്കായുള്ള അപേക്ഷാ ഫീസ് **"0202-01-102-97-03 (other receipts)"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കേണ്ടതാണ്.

എന്നാൽ അൺഎയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും പുനർമൂല്യനിർണ്ണയം ഫോട്ടോകോപ്പി, സൂക്ഷ്മ പരിശോധന എന്നിവയ്ക്കായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത ഫീസ് മേൽപ്പറഞ്ഞ തീയതിക്കുള്ളിൽ ട്രഷറികളിൽ ഒടുക്കേണ്ടതാണ്.

അപേക്ഷാഫോറങ്ങൾ അതാതു സ്കൂളുകളിൽ / **Departmental portal** - ൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.

ഗവൺമെന്റ്/ എയഡഡ് ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർ പൂരിപ്പിച്ച അപേക്ഷകളോടൊപ്പം പുനർ മൂല്യനിർണ്ണയ ഫീസ് കൈപ്പറ്റി, പി.ഡി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, സ്ക്രൂട്ടിനി, ഫോട്ടോകോപ്പി എന്നിവയ്ക്കായുള്ള ഫീസ് ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്. (അൺഎയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാർ പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിനി, ഫോട്ടോകോപ്പി എന്നിവയ്ക്കുള്ള ഫീസ് ട്രഷറിയിൽ ഒടുക്കേണ്ടതാണ്). പ്രസ്തുത വിവരങ്ങൾ പ്രിൻസിപ്പൽമാർ **24.07.2020** തീയതിക്കുള്ളിൽ **iexam** മുഖേനയുള്ള ലിങ്കിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ഫീസ് വിവരങ്ങൾ

പുനർമൂല്യനിർണ്ണയം – **Rs. 500/- Per subject**
സൂക്ഷ്മപരിശോധന – **Rs. 100/- Per subject**
ഫോട്ടോകോപ്പി – **Rs. 300/- Per subject**

**Head of Account - "0202-01-102-97-03 (other receipts)".**

ഒപ്പ്
സെക്രട്ടറി
**&**
ജോയിന്റ് ഡയറക്ടർ
ബോർഡ് ഓഫ് ഹയർ സെക്കന്ററി
എക്സാമിനേഷൻസ്, കേരളം

എല്ലാ ഗവൺമെന്റ് / എയ്ഡഡ്/
അൺഎയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാരുടെ അറിവിലേക്കായി